"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പ്ലാൻ സ്കീം 2025-26 - കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ - കോഴിക്കോട് ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസ് അറ്റകുറ്റപ്പണി (അധിക പ്രവൃത്തികളുടെ പൂർത്തീകരണം) എന്ന പ്രവൃത്തി തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.57/2026/RD തീയതി,തിരുവനന്തപുരം, 07-01-2026

---

പരാമർശം:-
1. 15.03.2025 തീയതിയിലെ സ.ഉ(സാധാ) നമ്പർ 626/2025/റവ നമ്പർ ഉത്തരവ്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 25.11.2025 തീയതിയിലെ LR/12288/2025-LR(M1) നമ്പർ കത്ത്.

**ഉത്തരവ്**

2023-2024 സാമ്പത്തിക വർഷത്തെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് അസിസ്റ്റന്റ് കളക്ടറുടെ ചേംബർ നവീകരണം എന്ന പ്രവൃത്തിയ്ക്കായി അനുവദിച്ച ഭരണാനുമതി തുകയായ 12 ലക്ഷം രൂപ (പന്ത്രണ്ട് ലക്ഷം രൂപ മാത്രം) 'കോഴിക്കോട് ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരണം' എന്ന പ്രവൃത്തിയ്ക്കായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം മാറ്റി അനുവദിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസ് അറ്റകുറ്റപ്പണികളുടെ പ്രവൃത്തി പുരോഗമിക്കവേ, കോഴിക്കോട് ജില്ലാ നിർമ്മിതി കേന്ദ്രം 4,90,000/- രൂപയുടെ (നാല് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) അധിക പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ, ജില്ലാ കളക്ടറുടെ പുതിയ ക്യാമ്പ് ഓഫീസിന്റെ അധിക പ്രവൃത്തികളുടെ പൂർ ത്തീകരണത്തിനായി 4,90,000/-രൂപയുടെ (നാല് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) അധിക എസ്റ്റിമേറ്റ് അംഗീകരിച്ച്, ഭരണാനുമതിയും ഫണ്ടും അനുവദിക്കണമെന്ന് ജില്ലാ കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് മലാപ്പറമ്പിലുള്ള ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസിലെ കോമ്പൗണ്ട് വാൾ, അടുക്കള കാബിനറ്റ്, ലാൻഡ്സ്കേപ്പിംഗ് എന്നീ പ്രവൃത്തികളുടെ തുടർച്ചയായുള്ള 4,90,000/- രൂപയുടെ (നാല് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) എസ്റ്റിമേറ്റടങ്ങുന്ന അധിക പ്രവൃത്തി നടപ്പ് സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകളുടെ നിർമ്മാണം എന്ന പദ്ധതിയിലെ മറ്റ് റവന്യൂ ഓഫീസുകളുടെ നവീകരണം എന്ന പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി തിരഞ്ഞെടുത്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡീഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba V R
Date: 08-01-2026 15:44:06
സെക്ഷൻ ഓഫീസർ